(എ) മൈത്രി പദ്ധതിപ്രകാരം പലിശ സബ്സിഡിയിനത്തിൽ ഇതുവരെ സർക്കാർ ഹൗസിംഗ് ബോർഡിന് എത്ര രൂപ അനുവദിച്ചു ;

(ബി) ഇതിനായി എത്ര രൂപയുടെ അപേക്ഷകളാണ് ബോർഡ് സർക്കാരിന് സമർപ്പിച്ചത് ;

(സി) മൈത്രി പദ്ധതികളിൽ നൂറുശതമാനം കെട്ടിടപരിശോധന വേണമെന്ന നിബന്ധനയിൽ ഇളവ് അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ എന്ത് കാരണമാണെന്ന് വ്യക്തമാക്കാമോ ;

(ഡി) ഇതിനായി ഗുണഭോക്താക്കൾക്ക് അനുവദിക്കുന്ന തുക പൂർണ്ണമായി വീട്നിർമ്മാണത്തിന് വിനിയോഗിക്കണമെന്ന് ഉറപ്പുവരുത്തുന്നതിന് എന്തൊക്കെ നടപടികൾ ബോർഡ് സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) മൈത്രി പദ്ധതിപ്രകാരം ക്യാപ്പിറ്റൽ സബ്സിഡിയും പലിശ സബ്സിഡിയും ഉൾപ്പെടെ സർക്കാർ ഹൗസിംഗ് ബോർഡിന് 106 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) പലിശ സബ്സിഡിയും ക്യാപ്പിറ്റൽ സബ്സിഡിയും ഉൾപ്പെടെ 473.13 കോടി രൂപയുടെ അപേക്ഷ ബോർഡ് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(സി) മൈത്രി പദ്ധതികളിൽ നൂറുശതമാനം കെട്ടിടപരിശോധനവേണം എന്ന നിബന്ധനയിൽ ഇളവനുവദിച്ചിട്ടില്ല.

(ഡി) ഗുണഭോക്താവ് തുക പൂർണ്ണമായി വീടുനിർമ്മാണത്തിന് തന്നെയാണ് ഉപയോഗിക്കുന്നതെന്ന് ഉറപ്പു വരുത്തുന്നതിന് മൂന്ന് ഗഡുക്കളായി സ്റ്റേറ്റ് സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിലാണ് തുക നല്കുന്നത്.

ചെമ്മീൻ ഉല്പാദനം

23 (*413) ശ്രീ. പി. ജെ. ഫ്രാൻസിസ്:
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. ജെ. പൗലോസ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് ചെമ്മീൻ വിളവ് വർദ്ധിപ്പിക്കുന്നതിന് ചെമ്മീൻ വിത്തുകൾ കടലിൽ വിതറിയിട്ടുണ്ടോ ;

(ബി) എങ്കിൽ എവിടെയെല്ലാമെന്ന് വെളിപ്പെടുത്തുമോ ;

(സി) അതിനുവേണ്ടി എത്ര ടൺ ചെമ്മീൻ വിത്തുകൾ വാങ്ങിച്ചിട്ടുണ്ട് ;

(ഡി) ആരിൽ നിന്നെല്ലാമാണ് വാങ്ങിയത് ; ഈ ഇനത്തിൽ എന്ത് ചെലവ് വന്നു ;

(ഇ) ചെമ്മീൻ വിത്തുകൾ വലുതാകുമ്പോൾ അവയ്ക്ക് തിന്നുന്നതിനായി ചെമ്മീൻ തീറ്റ കടലിൽ വിതറിയിട്ടുണ്ടോയെന്നറിയിക്കുമോ ; എങ്കിൽ എത്ര പ്രാവശ്യം ; എത്ര ടൺ വിതറിയിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ആരിൽ നിന്നെല്ലാമാണ് ചെമ്മീൻ തീറ്റ വാങ്ങിയത് ; എന്ത് തുക ചെലവഴിച്ചിട്ടുണ്ട് ;

(ജി) ചെമ്മീൻ വിത്തും ചെമ്മീൻ തീറ്റയും വാങ്ങുന്നതിന് ടെണ്ടർ ക്ഷണിച്ചിരുന്നോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(എച്ച്) ഏത് മത്സ്യവിദഗ്ദ്ധന്റെ ഉപദേശപ്രകാരമാണ് ഇപ്രകാരം ചെയ്തത് ; ഇതുമൂലം ചെമ്മീൻ ഉല്പാദനത്തിൽ എന്ത് വർദ്ധനയുണ്ടായി എന്ന് വ്യക്തമാക്കുമോ ?

ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി) കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ അഴിമുഖങ്ങളിൽ.

(സി) 1997-98-ൽ 82.75 ലക്ഷം ചെമ്മീൻ കുഞ്ഞുങ്ങളെയും 1998-99-ൽ 46.20 ലക്ഷം ചെമ്മീൻ കുഞ്ഞുങ്ങളെയും വാങ്ങി.

(ഡി) സർക്കാർ ഹാച്ചറികളിൽ നിന്നും മത്സ്യഫെഡിന്റെ ഉടമസ്ഥതയിലുള്ള ഹാച്ചറികളിൽ നിന്നുമാണ് ചെമ്മീൻ വിത്തുകൾ വാങ്ങിയത്. 1997-98-ൽ 8.84 ലക്ഷം രൂപയും 1998-99-ൽ 5 ലക്ഷം രൂപയും ഇതിനായി ചെലവായി.

(ഇ) ചെമ്മീൻ തീറ്റ കടലിൽ വിതറിയിട്ടില്ല.

(എഫ്) ചോദ്യം ബാധകമല്ല.

(ജി) ചെമ്മീൻ വിത്ത് വാങ്ങുന്നതിന് ടെണ്ടർ ക്ഷണിച്ചിരുന്നില്ല. കാരണം സർക്കാർ ഹാച്ചറികളിൽ നിന്നും മത്സ്യഫെഡ് ഹാച്ചറികളിൽ നിന്നുമാണ് അവ വാങ്ങിയത്. ചെമ്മീൻ തീറ്റ വാങ്ങിയിട്ടില്ല.

(എച്ച്) ഫിഷറീസ് വകുപ്പ് പരീക്ഷണാർത്ഥം നടപ്പിലാക്കി വരുന്ന കടലിൽ മത്സ്യകുഞ്ഞുങ്ങളെ വിതയ്ക്കുന്ന പദ്ധതിയനുസരിച്ചാണ് ഇപ്രകാരം ചെയ്തത്. 3 കോടിയോളം രൂപയുടെ ചെമ്മീൻ ഉല്പാദനം കടലിൽ വർദ്ധിപ്പിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

എൽ.ബി.എസ്സിന്റെയും ഐ.എച്ച്.ആർ.ഡി.യുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ നടപടി

24 (*414) ശ്രീ. ടി. എം. ജേക്കബ് :
ശ്രീ. ആർ. ബാലകൃഷ്ണപിള്ള :
ശ്രീമതി കെ. ആർ. ഗൗരിയമ്മ :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly